I.ഇ.ബി.XIകേരള നിയമസഭ/IV23

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 18, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകളും കൈത്തറി വ്യവസായവും നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. പി. രാജേന്ദ്രൻ: പതിനായിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന സംസ്ഥാനത്തെ ടെക്സ്റ്റൈൽ വ്യവസായവും കൈത്തറിമേഖലയും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഗവൺമെന്റിന് പ്രാമുഖ്യമുള്ള പത്ത് മില്ലുകൾ കേരളത്തിലുണ്ട്. ഈ മേഖലയെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നവീകരണ–പുനരുദ്ധാരണ നടപടികൾ പ്രശ്നത്തെ കൂടുതൽ ഗുരുതരമാക്കിയിരിക്കുകയാണ്. ശ്രീ. ആർ. സി. ചൗധരി അദ്ധ്യക്ഷനായുള്ള എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുകയാണെങ്കിൽ ടെക്സ്റ്റൈൽ വ്യവസായം തന്നെ കേരളത്തിൽനിന്ന് തുടച്ചുനീക്കപ്പെടും. മില്ലുകളുടെ സ്ഥലവും യന്ത്ര സാമഗ്രികളും കെട്ടിടങ്ങളും വിൽക്കുന്നതിനുള്ള ശുപാർശയാണ് കമ്മിറ്റി വച്ചിരിക്കുന്നത്.

പ്രവർത്തനമൂലധനമില്ലാത്തതുകൊണ്ട് മില്ലുകൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥ യാണുള്ളത്. എല്ലാ ട്രേഡ്യൂണിയനുകളും ചേർന്ന് ഗവൺമെന്റിന് സമർപ്പിച്ച നവീകരണ–പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി ടെക്സ്റ്റൈൽ കൈത്തറി വ്യവസായ മേഖലയെ രക്ഷിക്കണം. ചൗധരി കമ്മീഷൻ ശുപാർശകൾ നടപ്പാക്കുന്നത് നിർത്തിവയ്ക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലൊട്ടാകെയുള്ള തുണിമില്ലുകൾ വളരെ ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കുറച്ച് ബഡ്ജറ്ററി സപ്പോർട്ട് കൊടുത്താൽ തൽക്കാലം പിടിച്ചു നിൽക്കാമെന്നല്ലാതെ അതുകൊണ്ടു വലിയ ഗുണമൊന്നും ഉണ്ടാകാൻ പോകുന്നില്ല. പഞ്ഞിയുടെ വില കൂടുകയും നൂലിന്റെ വില കുറയുകയും ചെയ്തിരിക്കുന്നു. കാശ് കൊടുക്കാനുള്ളതുകൊണ്ട് ഇപ്പോൾ പഞ്ഞി നൽകുന്നുമില്ല. എന്റർപ്രൈസസ് റിഫോംസ് കമ്മറ്റി റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന്റെ മുമ്പാകെ ഔദ്യോഗികമായി വന്നിട്ടില്ല. കോയമ്പത്തൂരിലെ 30 ശതമാനത്തോളം ടെക്സ്റ്റൈൽ മില്ലുകൾ പൂട്ടിക്കഴിഞ്ഞു. കേരളത്തിൽ കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസാങ്ങൾക്കുവേണ്ടി 150 കോടി രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് ഗവണ്മെന്റിലേയ്ക്ക് വ്യവസായവകുപ്പ് സമ്മർദ്ദം ചെലുത്തിയതിന്റെകൂടി ഫലമാണ് 23 കോടി രൂപ നൽകാൻ കഴിഞ്ഞത്. അതുതന്നെയും 10 കൊല്ലത്തിനുള്ളിൽ നൽകുന്ന ഏറ്റവും ഉയർന്ന തുകയാണ്. ഇ.ആർ.സി. കണ്ടെത്തുന്ന വഴികളെല്ലാം തെറ്റല്ല. അവർക്ക് പ്രൊഫഷണൽ അഡ്വൈസ് തരാൻ മാത്രമേ കഴിയുകയുള്ളൂ. എല്ലാ കാര്യവും പരിശോധിച്ച ശേഷം ഗവണ്മെന്റാണ് തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. എല്ലാ ട്രേഡ് യൂണിയനുകളും സംയുക്തമായി റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. ഗവണ്മെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കൈത്തറി രംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് ആവുന്നതെല്ലാം ചെയ്യുന്നതാണ്.

(2) തൃശൂർ ജില്ലയിലെ കേരള സാമൂഹ്യ ജലസേചന പദ്ധതി പുനഃരാരംഭിക്കാൻ നടപടി

ശ്രീ.വി.ബാലറാം: നെതർലന്റ് സർക്കാരിന്റെ സഹായത്തോടുകൂടി തൃശൂർ ജില്ലയിൽ ആരംഭിച്ച സാമൂഹ്യ ജലസേചന പദ്ധതി പൂർണ്ണമായും നിലച്ചിരിക്കുകയാണ്. പദ്ധതി പൂർത്തീകരിച്ചിരുന്നുവെങ്കിൽ മലയോരപ്രദേശങ്ങൾക്കും തൃശൂർ ജില്ലയിലെ കൃഷിക്കും ഏറെ ഗുണകരമാകുമായിരുന്നു. എട്ട് വർഷം മുമ്പ് ആരംഭിച്ച ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നത് 210 കുഴൽ കിണറുകൾ കുഴിക്കാനായിരുന്നു. ഇതുവരെ 99 എണ്ണം കുഴിച്ചതിൽ 97 എണ്ണവും തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു. അടങ്കൽത്തുകയുടെ 20% ഉപഭോക്താക്കളിൽനിന്നും ഈടാക്കി പൂർത്തീകരിക്കാമായിരുന്ന ഈ പദ്ധതി നിർത്തിവച്ചതോടുകൂടി തൃശൂർ ജില്ലയിലെ കാർഷിക മേഖലയിൽ വലിയ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. മലയോര പ്രദേശങ്ങൾക്ക് കൂടുതൽ പ്രയോജനം ചെയ്യുന്ന ഈ പദ്ധതി പുനരാരംഭിക്കുകയോ തത്തുല്യമായ മറ്റൊരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുകയോ ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം.ജേക്കബ്): നെതർലന്റ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി തൃശൂർ ജില്ലയിൽ ആരംഭിച്ച സാമൂഹ്യ ജലസേചന പദ്ധതി 1998–ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പദ്ധതി നടത്തിപ്പിൽ കാലതാമസം വന്നതിനെത്തുടർന്ന് നെതർലന്റ് സർക്കാർ നൽകാമെന്ന് സമ്മതിച്ചിരുന്ന 18.2 കോടി രൂപയടെ സഹായം 7.04 കോടി രൂപയായി കുറച്ചു. ഈ പദ്ധതിയുടെ അടങ്കൽ ചെലവ് 21.7 കോടി രൂപയായി നിശ്ചയിച്ചിരുന്നു. സംസ്ഥാന ഗവണ്മെന്റിന്റെ വിഹിതം 3.14 കോടി രൂപയും ഉപഭോക്തൃ വിഹിതം 0.36 കോടി രൂപയുമായിരുന്നു. 210 കുഴൽക്കിണറുകൾ കുഴിച്ച് കാർഷിക മേഖലയ്ക്ക് ജലം എത്തിച്ചും കുടിവെള്ളം വിതരണം നടത്തിയും ചെറുകിട നാമമാത്ര കർഷകരെ സഹായിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. നെതർലന്റ് സർക്കാരിന്റെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ ഫലമായി 2000 ജൂൺ വരെ സമയം നീട്ടിത്തന്നിട്ടുണ്ട്. ഇനി മുതൽ പ്രത്യേക പദ്ധതികൾക്ക് സഹായം ലഭ്യമാക്കാതെ സമഗ്രവികസന പദ്ധതികൾക്കുമാത്രം സാമ്പത്തിക സഹായം നൽകാനാണ് നെതർലന്റ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അടുത്ത വർഷം ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിക്കൊണ്ട് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ ഈ പദ്ധതി പുനരാരംഭിക്കുന്നതിനും മലയോര പ്രദേശങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

(1) തീപ്പൊള്ളലേറ്റ് ചികിത്സയ്ക്കെത്തിയ യുവതിയെ ബലാൽസംഗം ചെയ്തത് സംബന്ധിച്ച്

ശ്രീ. ബിനോയ് വിശ്വം: തീപ്പൊള്ളലേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന യുവതിയെ ആശുപത്രി ജീവനക്കാരൻ എന്ന വ്യാജേന ഒരാൾ കുളിപ്പിക്കുന്നതിനെന്നു പറഞ്ഞ് കുളിമുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി ബലാൽസംഗം ചെയ്തിരിക്കുന്നു. ഈ പൈശാചിക കൃത്യം ഉണ്ടാകാനിടയായതിനുത്തരവാദികളായ മുഴുവൻപേർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം പീഡനത്തിനിരയായ യുവതിക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പു മന്ത്രി (ശ്രീ.എം.എം.ഹസ്സൻ): കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വളരെ മനുഷ്യത്വരഹിതമായ ഈ കുറ്റകൃത്യം ചെയ്ത സുബ്രഹ്മണ്യം രോഗികളെ ശുശ്രൂഷിക്കുന്നതിനും കുളിപ്പിക്കുന്നതിനുംവേണ്ടി പുറത്തുനിന്ന് വിളിച്ചുകൊണ്ടുവന്ന ആളാണ്. ഈ സംഭവം അറിഞ്ഞ ഉടനെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം ആർ.എം.ഒ. പോലീസിനെ വിവരം അറിയിക്കുകയും പ്രതിയെ പോലീസ് കസ്റ്റഡിയിൽ എടുക്കുകയും ചെയ്തു. സ്ത്രീരോഗികളെ കുളിപ്പിക്കുന്നതിന് പുറത്തുനിന്ന് ഒരു പുരുഷനെ നിയോഗിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആശുപത്രി

ജീവനക്കാരുടെ പേരിൽ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപോലുള്ള സംഭവങ്ങൾ കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത് ഒരു ക്രിമിനൽ കുറ്റമായി

കണ്ട് മനുഷ്യത്വരഹിതമായ പെരുമാറ്റം നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) തൊഴിൽരഹിതരായ കള്ള്-ചാരായ ഷാപ്പ് തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീ.ഡി.സുഗതൻ: മദ്യനിരോധനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട കള്ള്-ചാരായ ഷാപ്പ് തൊഴിലാളികൾക്ക് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തി ക്ളോഷർ ബെനിഫിറ്റ് നൽകാനും തൊഴിൽ ലഭിക്കാത്തവർക്ക് തൊഴിൽ നൽകാനും നടപടി സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): ചാരായ നിരോധനത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളി കൾക്ക് വെൽഫെയർ ഫണ്ടിൽനിന്നും സർക്കാർ ഖജനാവിൽ നിന്നും അർഹതപ്പെട്ട നഷ്ട പരിഹാരം നൽകിയിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷനിൽ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗത്വമുള്ള 1053 അബ്കാരി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. പുതുതായി ഷാപ്പുകൾ തുടങ്ങുമ്പോൾ ബാക്കിയുള്ളവരുടെ കാര്യംകൂടി പരിഗണിക്കാം.

(3) കാട്ടുമൃഗങ്ങൾ കാർഷികവിളകൾ നശിപ്പിക്കുന്നത് തടയാനും കർഷകർക്ക് നഷ്ടപരിഹാരം നൽകാനും നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: കാട്ടുമൃഗങ്ങൾ കാർഷികവിളകൾ വൻതോതിൽ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൽ ആന ഒഴികെ മറ്റ് കാട്ടുമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷിക വിളകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നില്ല. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി കാട്ടുമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷികവിളകൾക്കെല്ലാം നഷ്ടപരിഹാരം ലഭ്യമാക്കാനും കാടുകൾ വേലികെട്ടി സംരക്ഷിക്കാനും ട്രഞ്ചുകൾ കുഴിച്ച് കൃഷിക്കാരേയും കാർഷികവിളകളേയും കാട്ടുമൃഗങ്ങളിൽനിന്ന് രക്ഷിക്കാനും നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): ഇക്കാര്യത്തിൽ വനംവകുപ്പിന് ചെയ്യാൻ കഴിയുന്നവിധം ലഭ്യമായ പരമാവധി സാമ്പത്തിക സഹായം കൃഷിക്കാർക്ക് കൊടുക്കുന്നുണ്ട്. 1995-96 മുതൽ 2001-2002 വരെയുള്ള കാലയളവിൽ ഈ ഇനത്തിൽ 50,80,565 രൂപ കർഷകർക്ക് നഷ്ടപരിഹാരമായി കൊടുത്തിട്ടുണ്ട്. ഇനി 10,08,000 രൂപ കർഷകർക്ക് നഷ്ടപരിഹാരമായി കൊടുക്കാനുണ്ട്. 262.3 കിലോമീറ്റർ ദൂരം കമ്പിവേലി

കെട്ടുകയും 200.9 കിലോമീറ്റർ ദൂരം ട്രഞ്ചുകൾ കുഴിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിലെ പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്യുന്നതാണ്. കാർഷികവിളകൾക്ക് ഏത് വന്യമൃഗം നാശനഷ്ടമുണ്ടാക്കിയാലും കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകണമെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(4) പോത്താനിക്കാട് 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം

ശ്രീ.വി.ജെ. പൗലോസ്: ഇലക്ട്രിസിറ്റി ബോർഡ് തീരുമാനമെടുത്ത് 10 വർഷം കഴിഞ്ഞിട്ടും യാഥാർത്ഥ്യമാക്കാൻ കഴിയാതെപോയ പോത്താനിക്കാട് 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് വോൾട്ടേജ് ക്ഷാമത്തിന് അറുതിവരുത്തണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): കോതമംഗലം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ ധനസഹായത്തോടെ നിലവിലുള്ള മൂവാറ്റുപുഴ 110 കെ.വി. സബ് സ്റ്റേഷനിൽ രണ്ട് 16 എം.വി.എ. ശേഷിയുള്ള 110/103 കെ. വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് 12 കിലോമീറ്റർ 33 കെ.വി. ലൈൻ വലിച്ച് പോത്താനിക്കാട് ഒരു 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കാൻ 5-5-2000-ൽ ബോർഡ് അനുമതി നൽകി.. അതനുസരിച്ച് സ്ഥലം വാങ്ങുകയും വർക്കുകൾ നടത്തുന്നതിന് ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് ഹൈദരാബാദിലെ എ.ആർ.എം. കമ്പനിക്ക് 6-10-01-ന് കരാർ നൽകിയെങ്കിലും എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ആ ജോലി റീ-ടെണ്ടർ ചെയ്യാനുള്ള നടപടിയെ ക്കുറിച്ച് ആലോചിക്കുകയാണ്.

(5) നെൽക്കൃഷിക്കാർക്ക് നൽകുന്ന സബ്സിഡികൾ ഏകോപിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തോമസ് ചാഴികാടൻ: നെൽക്കൃഷിക്കാർക്ക് നൽകുന്ന വിവിധ സബ്സിഡികൾ ഏകോപിപ്പിച്ച് കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിന്റെയും കാർഷിക ചെലവുകളുടെയും അടിസ്ഥാനത്തിൽ ഒരു നിശ്ചിത തുക നിശ്ചയിച്ച് ആ തുക അവർക്ക് നേരിട്ട് എത്തിക്കാനുള്ള നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): നെൽക്കൃഷിക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾക്കെല്ലാംകൂടി 3711.8 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കൃഷിക്കാർക്ക് നൽകുന്ന പണം മുഴുവൻ യഥാർത്ഥത്തിൽ അവർക്ക് കിട്ടുന്നില്ലെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അക്കാര്യം പുനഃപരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

(6) കേരള സംസ്ഥാന ലീഗൽ അതോറിറ്റിയുടെ ആസ്ഥാനം

ശ്രീ. പിരപ്പൻകോട് മുരളി: തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സംസ്ഥാന ലീഗൽ അതോറിറ്റിയുടെ ആസ്ഥാനം എറണാകുളത്തേയ്ക്ക് മാറ്റാനുള്ള തീരുമാനം പുനപരിശോധിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സംസ്ഥാന ലീഗൽ അതോറിറ്റി എറണാകുളത്തേയ്ക്ക് മാറ്റുന്നത് ഹൈക്കോടതിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമാണെന്ന ഹൈക്കോടതി രജിസ്ട്രാറുടെ നിർദ്ദേശങ്ങളുടെ ങ

 യ്യ

യഷയഷന്റ=ന്റ=

ത

ത ത 8 ഞ ഠ

| ⑵ 7 | 7 | 7 | 7 | 7 | 7 |
|---|---|---|---|---|---|

(2) ● ങ9

മ                    മ        മ        മ        മ        ദ7

ദ്യത്തിന് വിവിധ രീതിയിൽ ഉത്തരം തരുന്നു. കൂടാതെ കോഴിക്കൃഷിയുായി ബപ്പെട്ട നക്ഷത്രചിഹ്നമിടാത്ത 2648-ാംനമ്പർ ചോദ്യത്തിന് 11-ാം തീയതി തന്നെ മറുപടി നല്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുവെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. ഇത് വളരെ ഗൗരവമായി കാണണം.

<u>മി. സ്പീക്കർ</u>: മെമ്പർമാർ ഇതുസംബന്ധിച്ച് എഴുതിത്തന്നാൽ ആക്ഷനെടുക്കാം.

## മേശപ്പുറത്തുവച്ച കടലാസുകൾ

വയനാട് പേര്യാ വില്ലേജിലെ അനധികൃത മരംമുറിയെ സംബന്ധിച്ച് ശ്രീ. ജിജി തോംസൺ, ഐ.എ.എസ്. തയ്യാറാക്കിയ റിപ്പോർട്ട് റവന്യൂവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി സഭയുടെ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## ക്രമപ്രശ്നം

<u>മേശപ്പുറത്തുവച്ച റിപ്പോർട്ടുകളുടെ കോപ്പി അംഗങ്ങൾക്ക് ലഭ്യമാക്കൽ</u>

<u>ശ്രീ. എം.വി. ജയരാജൻ:</u> മേശപ്പുറത്തുവയ്ക്കുന്ന റിപ്പോർട്ടുകളുടെ കോപ്പി അംഗങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

<u>മി. സ്പീക്കർ</u> : അതിന്റെ കോപ്പി പ്രിന്റ് ചെയ്ത് തരുന്നതാണ്. റിപ്പോർട്ടുകളുടെ കോപ്പി ലൈബ്രറിയിൽ വയ്ക്കുകയാണ് പതിവ്. അതല്ലാതെ വല്ല കീഴ്വഴക്കവും ഉണ്ടോയെന്ന് പരിശോധിക്കാം.

## നിയമനിർമ്മാണകാര്യം

<u>2002-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ):</u> 2002-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു. പ്രസ്തുത ബിൽ പരിഗണനയ്ക്കെടുക്കണ മെന്ന പ്രമേയവും അവതരിപ്പിക്കുന്നു.

ഗ്രാമവികസന വകുപ്പുമന്ത്രി <u>(ശ്രീ. സി.എഫ്. തോമസ്)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ബിനോയ് വിശ്വം:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഈ ബില്ലിലൂടെ ആവശ്യപ്പെട്ടിരിക്കുന്ന 1,98,23,52,74,000 രൂപ നാടിന്റെയും ജനങ്ങളുടെയും ഉത്തമതാൽപര്യത്തിനുവേണ്ടി പ്രയോജനപ്പെടുത്തുമെന്ന് ഉറപ്പില്ല. ഗൺമെൻറിന്റെ ധനവിനിയോഗത്തിലെ ക്രമക്കേടുകളും കുറ്റങ്ങളും ചൂണ്ടിക്കാണിക്കുമ്പോൾ അത് ഉൾക്കൊള്ളാൻ ഭരണപക്ഷം തയ്യാറാകണം. കേരളത്തിൽ പ്രകീർത്തിക്കപ്പെട്ട കേരളാ മോഡലിന്റെ തകർച്ചയിൽ യു.ഡി.എഫ്. ആഹ്ളാദം പ്രകടിപ്പിക്കുന്നത് ഖേദകരമാണ്. കേരളാ മോഡലിന് പരിമിതിയുണ്ടെങ്കിൽ തരണംചെയ്യണം. കാർഷിക-വ്യാവസായിക-തൊഴിൽ രംഗങ്ങളിൽ പ്രൊഡക്ടീവ് ആയി പോകാൻ കഴിയാത്ത കേരളാ മോഡലിന്റെ പരിമിതി അംഗീകരിക്കുമ്പോൾത്തന്നെ വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യരംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ ഉത്തുംഗഗംഭീരമാണ്. എ.ഡി. ബി.ലോണിനുവേണ്ടി ഈ നേട്ടങ്ങളെ ഭരണപക്ഷം അപഹസിക്കുന്നത് അത്യന്തം ദുഃഖകരമാണ്. സാമൂഹ്യ-സാമ്പത്തിക രംഗത്ത് മാറ്റങ്ങളുടെ വഴികാട്ടിയായ ഇടതുപക്ഷത്തെ സാമ്പത്തിക മാറ്റങ്ങളുടെ ശത്രുവായി കാണുന്നത് ശരിയല്ല. ഐ.ടി., ബി.ടി മേഖലയിലെ നേട്ടം വരേണ്യവർഗ്ഗത്തിനെന്നതിലുപരി സമൂഹത്തിന്റെ മൊത്തം നേട്ടമായി മാറണം. പരമ്പരാഗത വ്യവസായ-കാർഷിക മേഖലകളിൽ പാവങ്ങൾക്ക് പുത്തൻ ജീവിതം നൽകാൻ ഐ.ടി. പൊട്ടൻഷ്യൽ ഉപയോഗപ്പെടുത്താൻ കഴിയണം. തൊഴിലും തൊഴിലാളി ക്ഷേമവും എന്ന ഹെഡ്ഡിൽ നീക്കിവച്ചിരിക്കുന്ന തുക തീരെ കുറവാണ്.

<u>ശ്രീ. എം.പി. ഗംഗാധരൻ:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ ഇടതു പക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ തെറ്റായ സാമ്പത്തിക പരിഷ്ക്കാരങ്ങളും പോസിറ്റീവ് കൺസ്ട്ര ക്ടീവ് പ്ളാനിംഗിന്റെ അഭാവവുമാണ് പല മേഖലകളിലും തകർച്ച ഉണ്ടാകാൻ ഇടയായത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 1704 കോടി രൂപയായിരുന്ന റവന്യൂ കമ്മി കഴിഞ്ഞ ഒരു കൊല്ലത്തെ സാമ്പത്തിക മാനേജ്മെന്റിന്റെ ഫലമായി 336 കോടി രൂപയായി ചുരുക്കാൻ സാധിച്ചത് വലിയ നേട്ടമാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിഞ്ഞ സർക്കാരുകൾ ഗൗരവമായ നടപടികൾ സ്വീകരിച്ചിരുന്നില്ല. 46 ലക്ഷം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾ ജോലിയില്ലാതെ കഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കൂട്ടായി ആലോചിക്കുകയും ഒരു പോസിറ്റീവ് കൺസ്ട്രക്ടീവ് പ്ലാനിംഗ് സ്ട്രക്ച്ചർ അംഗീകരിക്കുകയും വേണം. വ്യവസായങ്ങൾ മുഴുവൻ നഷ്ടത്തിലാണ്. ഇത് ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും സാമ്പത്തിക രംഗത്ത് അസൂയാവഹമായ നേട്ടം കൈവരിക്കുമ്പോൾ നാം ഐ.ടി. ഉൾപ്പെടെയുള്ള പുരോഗമന പരമായ മേഖലകളെ എതിർക്കുകയാണെങ്കിൽ സാമ്പത്തിക പുരോഗതി കൈവരിക്കുന്നതെങ്ങനെ എന്നാലോചിക്കണം. കൃഷിയും വ്യവസായവുമാണ് നമുക്ക് സമ്പത്ത് നേടിത്തരുന്നത്. ഇന്ത്യാ ഗവണ്മെന്റിന്റെ തെറ്റായ ഇറക്കുമതിനയം കാരണം കാർഷികമേഖല തകരുകയും ഉല്പന്നങ്ങൾക്ക് വില കുറയുകയുമാണ്. കാർഷിക മേഖലയ്ക്കുള്ള ബഡ്ജറ്റ് അലോട്ടുമെന്റ് അപര്യാപ്തമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്ന തിനും കൃഷി,

വ്യവസായം, മൽസ്യബന്ധനം, ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി എന്നീ മേഖലകളിൽ മുൻഗണന നൽകിക്കൊണ്ടുള്ള പ്ളാനിംഗ് ആവശ്യമാണ്. കേരളത്തിലെ ആയിരക്കണക്കിന് ചെറുകിട വ്യവസായങ്ങളും വൻകിട വ്യവസായങ്ങളും പൂട്ടുന്ന അവസ്ഥയാണ്. തൊഴിൽ രംഗത്ത് സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് കഴിയുന്നില്ല. വ്യവസായ സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഈ കാര്യത്തിൽ പ്രായോഗികമായി എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. പരമ്പരാഗത വ്യവസായങ്ങൾക്ക് പിടിച്ചു നിൽക്കാൻ കഴിയുന്നില്ല. സംസ്ഥാനത്ത് വ്യവസായം വളരുന്നതി നാവശ്യമായ സാഹചര്യം സൃഷ്ടിക്കണം. പരമ്പരാഗത-ചെറുകിട-ഖാദിഗ്രാമ വ്യവസായങ്ങളെ യെല്ലാം സംയോജിപ്പിച്ചു കൊണ്ട് ഒരു മിനിസ്ട്രി രൂപീകരിക്കണം. കടൽ സമ്പത്ത് പൂർണ്ണമായി ചൂഷണം ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് ഇതര സംസ്ഥാനങ്ങൾ മുമ്പോട്ടുപോകുക യാണ്. ഫിഷറീസ് മേഖല സമ്പൂർണ്ണമായി ഡെവലപ് ചെയ്യേണ്ടിയിരിക്കുന്നു. വിനോദസഞ്ചാര രംഗത്ത് കാശ്മീരിന് നഷ്ടപ്പെട്ടിരിക്കുന്ന സ്ഥാനം നമുക്ക് ചൂഷണം ചെയ്യാൻ കഴിയണം. കേരളത്തിന്റെ പ്രകൃതി അനുഗ്രഹിച്ച മനോഹരമായ കടൽത്തീരവും, ബാക്ക്വാട്ടറുമൊക്കെ ടൂറിസം വികസിപ്പിക്കുന്നതിന് സഹായകരമാണ്. വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നിശ്ചയിക്കണം. ടൂറിസത്തിന് 90 കോടി രൂപയും വ്യവസായത്തിന് 79 കോടി രൂപയുമാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. ടൂറിസം രംഗത്ത് സാമ്പത്തികനേട്ടം കൈവരിക്കാനും അതിനുള്ള അന്തരീക്ഷം സമ്പുഷ്ടമാക്കാനും ഈ ബഡ്ജറ്ററി സപ്പോർട്ട് പോര, ആ കാര്യത്തിൽ പ്രയോറിറ്റി ഫിക്സ് ചെയ്ത് കൂടുതൽ പണം കണ്ടെത്തണം. ഐ. ടി. കൊണ്ടുദ്ദേശിക്കുന്നത് വ്യവസായ ശൃംഖല ശക്തിപ്പെടുത്തുകയെന്നതാണ്. ആ രംഗം ഡെവലപ് ചെയ്യേണ്ടിയിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ എഫ്.ഡി..ഐ പൊസിഷനിൽ കേരളം പതിനാലാം സ്ഥാനത്താണ്. അതുകൊണ്ട് സ്പെഷ്യൽ സ്കീമുകളും പ്രോജക്ടുകളുമൊക്കെ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. സാമ്പത്തി കമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവരെ രക്ഷിക്കാൻ പ്രയോറിറ്റി ഫിക്സ് ചെയ്ത് പുരോഗമന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ധനം എങ്ങനെയാണ് വിനിയോഗിക്കേണ്ടതെന്നും, ഏതേത് കാര്യങ്ങൾക്കാണ് മുൻഗണന നൽകേണ്ട തെന്നുമുള്ള കാര്യങ്ങളിലാണ് ഭരണ-പ്രതിപക്ഷ മുന്നണികൾ തമ്മിൽ അഭിപ്രായ വ്യത്യാസ മുള്ളത്. പുതിയ കാര്യങ്ങൾ സ്വീകരിക്കാൻ നമുക്ക് വിമുഖതയാണ്. നിയമസഭയ്ക്കകത്തും പുറത്തും ഇരുമുന്നണികളും തമ്മിലുള്ള ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിച്ച് പരസ്പരം തേജോവധം ചെയ്യുന്ന നിലപാടിൽ മാറ്റം വരുത്തണം. ഐക്യ ജനാധിപത്യ മുന്നണി യാഥാർത്ഥ്യത്തിലധിഷ്ഠിതമായ നയസമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ സമീപനത്തിൽ മാറ്റങ്ങൾ വരുത്തണം. കാർഷിക-വ്യാവസായിക മേഖലകൾ തകർച്ചയിലാണ്. ഈ മേഖലയിൽ ഒരുപാട് കാര്യങ്ങൾ ചെയ്തു എന്നവകാശപ്പെടുന്നുണ്ടെങ്കിലും കാര്യമായ ഫലങ്ങളൊന്നും കാണാൻ കഴിഞ്ഞിട്ടില്ല. ഈ രംഗങ്ങളിലൊക്കെ മാറ്റമുണ്ടാക്കണം. സംസ്ഥാനത്തിന് അപമാനകരമായ രീതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ പുറത്താക്കണം. നമുക്ക് വേണ്ട അരിയുടെ ഇരുപത്തിരണ്ട്

ശതമാനം മാത്രമാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്ക പ്പെടുന്നത്. ഇത്രയും അരി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി 1100 കൃഷിഭവനുകളുടെയും 1398 ഗസറ്റഡ് ഓഫീസർമാരുടെയും അനേകം അഗ്രിക്കൾച്ചറൽ അസിസ്റ്റന്റുമാരുടെയും ആവശ്യമില്ല. ഇവരെ ഒഴിവാക്കി അത്രയും അരി കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നു ഇറക്കുമതി ചെയ്യുകയാണ് വേണ്ടത്. നമ്മൾ എല്ലാ കാര്യങ്ങളിലും മുൻപന്തിയിലാണെന്നു അഭിമാനിക്കുന്നുണ്ടെങ്കിലും കാര്യമായ ഒരു നേട്ടവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സ്ഥിതിയിൽ മാറ്റമുണ്ടാക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. മുൻകാലങ്ങളിൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ പ്രാഥമികാവശ്യങ്ങൾക്കാണ് മുൻഗണന കൊടുത്തിരുന്നതെങ്കിൽ ഇന്ന് അമ്യൂസ്മെന്റ് പാർക്കിനും മാനവീയം തുടങ്ങിയ പരിപാടികൾക്കുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുൻഗണന കൊടുക്കുന്നത്. ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ പ്രത്യയശാസ്ത്രത്തിൽ കാലഹരണം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റ് മുൻഗണനാക്രമം നിശ്ചയിച്ചു കാര്യനിർവ്വഹണത്തിൽ നിശ്ചയദാർഢ്യം പുലർത്തണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് മെച്ചപ്പെട്ട ധനകാര്യമാനേജ്മെന്റിലൂടെ കേരളത്തിന്റെ സാമ്പത്തിക ദു:സ്ഥിതിക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ ഒരു വർഷം കൊണ്ട് ഈ സംസ്ഥാനത്ത് വളരെയേറെ നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചു. കഴിഞ്ഞ 5 വർഷം ഭരിച്ച ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തെ കടക്കെണിയിലേയ്ക്ക് നയിക്കുകയും സാമ്പത്തികരംഗത്ത് പ്രതിസന്ധിയുണ്ടാക്കുകയുമാണ് ചെയ്തത്. എന്നാൽ കഴിഞ്ഞ ഒരു വർഷത്തെ ഭരണംകൊണ്ട് ചില മാറ്റങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വിവിധ വകുപ്പുകളിൽ ചെലവഴിക്കേണ്ട തുക വിദഗ്ദ്ധമായ ധനകാര്യ മാനേജ്മെന്റിലൂടെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണം. സർക്കാരിന്റെ ധനവിനിയോഗത്തെ സംബന്ധിച്ചുള്ള കണക്കുകൾ പരിശോധിക്കുവാനും അത് ഫലപ്രദമാകുന്നുണ്ടോ എന്ന് ഉറപ്പാക്കാനും കഴിയണം. ധൂർത്തും അനാവശ്യചെലവുകളും ഒഴിവാക്കാൻ കർശന നടപടികൾ സ്വീകരിക്കണം. ഓരോ സാമ്പത്തിക വർഷവും യഥാസമയം അലോട്ട്മെന്റ് ലഭിക്കുവാനും അത് ഫലപ്രദമായി വിനിയോഗിച്ച് പദ്ധതികൾ പൂർത്തീകരിക്കാനും നടപടികൾ സ്വീകരിക്കണം. ജനകീയാസൂത്രണം അടക്കമുള്ള പദ്ധതികൾ ഏർപ്പെടുത്തിയതിനു ശേഷം അനുവദിച്ച തുക ഉപയോഗിക്കുന്നതിൽ കുറവ് വന്നിട്ടുള്ളത് ഗൗരവമായി കണക്കിലെ ടുക്കണം. ബഡ്ജറ്റ് അനുസരിച്ചുള്ള തുക വിനിയോഗിക്കപ്പെടുമ്പോൾ ആ തുക വകമാറിയോ അനാവശ്യമായോ ചെലവഴിച്ചതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടാൽ ആ തുക ബന്ധപ്പെട്ടവരിൽനിന്നും തിരിച്ചുപിടിച്ച് സർക്കാർ ഖജനാവിലേയ്ക്ക് അടയ്ക്കാനും കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കാനും കഴിയുന്ന സംവിധാനമുണ്ടാക്കണം. സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ തീർപ്പിന് നിലവിലുള്ള നടപടിക്രമം ലഘൂകരിക്കണം. ഉന്നത തസ്തികകൾ ഉൾപ്പെടെ ഒട്ടേറെ തസ്തികകൾ വെട്ടിക്കുറച്ച നടപടി സ്വാഗതാർഹമാണ്. ഇത് താഴെത്തട്ടിലുമുണ്ടാകണം. റീഡിപ്ളോയ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയണം. വ്യാജ ചാരായവും സ്പിരിറ്റും കള്ളക്കടത്ത് നടത്തുന്നതും

കള്ളഷാപ്പുകളിലൂടെ ചാരായം വിൽക്കുന്നതും തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കണം.

ശ്രീ. ജോണി നെല്ലൂർ: ധനവിനിയോഗബില്ലിനെ പിൻതാങ്ങുന്നു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സമസ്തമേഖലകളിലും ഒട്ടനവധി പുരോഗതി കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കാർഷികമേഖലയ്ക്ക് ആശ്വാസം പകരുന്ന ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ച ഗവൺമെന്റ് ഈ മേഖലയ്ക്കുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ച തുക അപര്യാപ്തമായതിനാൽ 100 കോടി രൂപ കൂടി അനുവദിക്കണം. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയ ടാക്സും, റബ്ബർ കർഷകർ പ്രതിസന്ധിയിലായിരിക്കുന്ന ഈ സന്ദർഭത്തിൽ അന്യസംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയക്കുന്ന റബ്ബർത്തടിക്ക് ഏർപ്പെടുത്തിയ ടാക്സും പിൻവലിക്കണം. ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. തസ്തികകൾ വെട്ടിക്കുറച്ചും മറ്റും ഭരണച്ചെലവ് ചുരുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സാധാരണക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സർക്കാരുദ്യോഗസ്ഥരിൽ നല്ലൊരു പെരുമാറ്റ ശൈലി വളർത്തിയെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. കെ. കെ. ഷാജു: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ബഡ്ജറ്റിൽ കാർഷികമേഖലയ്ക്ക് നീക്കിവച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കാർഷികമേഖലയിൽ പ്രഖ്യാപിച്ച പല പാക്കേജ് പദ്ധതികളും നടപ്പിലാക്കുന്നതിനാവശ്യമായ പണം അനുവദിച്ചിട്ടില്ലാത്തതുകൊണ്ട് ഉദ്ദേശിച്ച ഫലം കർഷകർക്ക് ലഭിക്കുന്നില്ല. കർഷകർക്ക് പമ്പിംഗ് സബ്സിഡി കൊടുക്കുന്നതിന് തുക അനുവദിക്കണം. 2001 ഏപ്രിൽ ഒന്നു മുതൽ 2002 മാർച്ച് 31 വരെ നടത്തിയ കൊപ്രസംഭരണവുമായി ബന്ധപ്പെട്ട് സഹകരണസംഘങ്ങൾ പരമാവധി പണം കൊള്ളയടിക്കാൻ ശ്രമിച്ചതുകൊണ്ടാണ് കൊപ്രസംഭരണത്തിനുള്ള അനുമതി നിഷേധിക്കപ്പെട്ടത്. ഈ ഗവൺമെന്റിന്റെ ശ്രമഫലമായി ഇപ്പോൾ 126 സൊസൈറ്റികൾക്ക് കൊപ്ര സംഭരിക്കുന്നതിന് അനുമതി ലഭിക്കുകയും 350 ടൺ കൊപ്ര സംഭരിക്കുകയും ചെയ്തു. മുൻ ഗവണ്മെന്റിന്റെ കാലത്ത് കൊപ്ര സംഭരണത്തിലും കയർഫെഡ്ഡിന്റെ പ്രവർത്തനങ്ങളിലും ഉണ്ടായിട്ടുള്ള അഴിമതികളെക്കുറിച്ച് അന്വേഷിക്കണം.

ശ്രീ. കെ.കെ.രാമചന്ദ്രൻ മാസ്റ്റർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം കേരളത്തെ ശവപ്പറമ്പാക്കി മാറ്റി. അഴിമതിയും ധൂർത്തും യഥേഷ്ടം നടന്നതിനു പുറമേ നികുതി പിരിവും പദ്ധതിച്ചെലവും കുറയുകയും പദ്ധതിയേതര ചെലവുകൾ വർദ്ധിക്കുകയും ചെയ്തതിന്റെ ഫലം അനുഭവിച്ചുകൊണ്ടിരുന്ന കേരള ജനത വൻ പ്രതീക്ഷയാണ് ഈ ഗവണ്മെന്റിൽ അർപ്പിച്ചിട്ടുള്ളത്. കാർഷിക –വ്യാവസായിക തൊഴിൽ മേഖലകളിൽ വളരെയേറെ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് കേരളം പുരോഗതി പ്രാപിച്ചുവരികയാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ ഭരണകാലത്ത് പ്രതിപക്ഷം ക്രിയാത്മകമായിരുന്നുവെങ്കിൽ ഇപ്പോഴത്തെ പ്രതിപക്ഷം അവരുടെ ഭരണകാലത്തെ അഴിമതികൾ

പുറത്തുവരുമെന്നതുകൊണ്ട് ഡിഫൻസീവായി മാറിയിരിക്കുന്നു. സംസ്ഥാന മന്ത്രിമാർക്കെതിരെ പ്രതിപക്ഷം ഉന്നയിച്ച അഴിമതിയാരോപണങ്ങളെല്ലാം വ്യാജമായിരുന്നുവെന്ന് തെളിഞ്ഞിരിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ശവപ്പറമ്പാക്കി മാറ്റിയ കേരള സംസ്ഥാനത്തെ ഉയർത്തെഴുന്നേൽ പ്പിക്കുന്നതിനുള്ള ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായിട്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്.

<u>ശ്രീ. ഡി. സുഗതൻ:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വരവ് കുറവും ചെലവ് കൂടുകയും ചെയ്യുന്ന പ്രവണത നമ്മുടെ സംസ്ഥാനത്ത് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇത് സംസ്ഥാനത്തിന്റെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. പുതിയ വിഭവസമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തണം. ചാരായനിരോധനംപോലുള്ള നടപടികൾ സർക്കാർ ഖജനാവിലെ വരുമാനം കുറയാനിടയാക്കി. ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കണം. എം.എൽ.എ.മാർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. കേരളത്തിൽ ഒരു പുതിയ തൊഴിൽസംസ്ക്കാരം ഉണ്ടാക്കിയെടുക്കണം. നമ്മുടെ സംസ്ഥാനത്ത് തൊഴിൽ ചെയ്യുന്നതിന് ചെറുപ്പക്കാർ കടന്നുവരണം. രാഷ്ട്രീയസ്വാധീനം ഉപയോഗിച്ച് പ്രത്യുൽപ്പാദന പരമല്ലാത്ത മേഖലകളിൽ അനുവദിച്ച പെൻഷൻ പദ്ധതികളുടെ പെരുപ്പംമൂലം സർക്കാർ ഖജനാവിന് ചോർച്ച സംഭവിക്കുന്നു. സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഉപയുക്തമായ പുതിയ പരിപാടികൾ ആവിഷ്ക്കരിക്കണം.

<u>ശ്രീ. പി.ടി. തോമസ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പത്താം പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് ഗൗരവതരമായ ആലോചന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. കഴിഞ്ഞ കാലത്ത് പദ്ധതികൾ നടപ്പാക്കിയതിൽ വന്നിട്ടുള്ള പാളിച്ചകൾ തിരുത്തി മുന്നോട്ടുപോകണം. ഒൻപതാം പദ്ധതിയിൽ സംസ്ഥാനത്തിന് അനുവദിച്ച 16,100 കോടി രൂപയിൽ മൂവായിരം കോടി രൂപയും ത്രിതല പഞ്ചായത്തുകൾക്കുവേണ്ടി മാറ്റിവച്ച ആറായിരം കോടി രൂപയിൽ 800 കോടി രൂപയും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ചെലവഴിച്ചില്ല. ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള ആളുകളുടെ എണ്ണം 20 ശതമാനമായി കുറയ്ക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സാർവ്വത്രിക വിദ്യാഭ്യാസം പരിപൂർണ്ണമായി നടപ്പിലാക്കുക, എല്ലാ ഗ്രാമങ്ങളിലും കുടിവെള്ളം എത്തിക്കുക, വനഭൂമിയുടെ പരിധി വർദ്ധിപ്പിക്കുക, വൻനദികളിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുക തുടങ്ങിയ പുതിയ പദ്ധതികൾ പത്താം പദ്ധതിക്കാലത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. തുടങ്ങിവച്ചതും പൂർത്തിയാകാത്തതുമായ ജലസേചന-വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യണം. ഇ.ഇ.സി. സഹായമുള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ജനകീയാസൂത്രണ പദ്ധതിയിലൂടെ പഞ്ചവൽസര പദ്ധതിയുടെ കോൺസെപ്റ്റിനെ തകർത്തു. നികുതി പിരിവിന്റെ കാര്യത്തിലും ക്യാപ്പിറ്റൽ അക്കൗണ്ട് ചെലവഴിക്കുന്ന കാര്യത്തിലും എൽ.ഡി.എഫ്. ഗവൺമെന്റ് വലിയ വീഴ്ച വരുത്തി. യു.ഡി.എഫ്. സർക്കാരുകൾ നികുതി പരിവിന്റെ കാര്യത്തിൽ ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ പിരിച്ചെടുക്കുന്നതിനുള്ള പരിശ്രമമാണ് നടത്തിയിട്ടുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ട്.

വിൽപ്പന നികുതിയുടെ കാര്യത്തിൽ ഈ സാമ്പത്തിക വർഷം 213 കോടി രൂപയുടെ വർദ്ധനവുണ്ടാക്കാൻ രണ്ടുമൂന്നു മാസംകൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞു. വൈറ്റ് പേപ്പർ മുഖാന്തിരം കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. കേരളത്തിലെ ബാങ്ക് നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയുക്തമാക്കണം. സംസ്ഥാനത്തെ ചെലവിനനുസരിച്ച് വരവും വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കണം. പ്രതിപക്ഷം മന്ത്രിമാർക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് അവസാനിപ്പിക്കണം.

<u>ശ്രീ. കെ.പി. മോഹനൻ:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പാലിക്കാതെ ഈ ഗവൺമെന്റ് ജനങ്ങളെ വഞ്ചിച്ചിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പാവപ്പെട്ട ജനങ്ങൾക്ക് പ്രയോജനകരമായ ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ശരിയായ ധനകാര്യ മാനേജ്മെന്റ് ഇല്ലാത്തതുകൊണ്ട് ഈ ഗവൺമെന്റിന് ഫണ്ടുകൾ വിനിയോഗിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ആ നയത്തിൽ മാറ്റം വരുത്തണം. മദ്യ നിരോധനം നടപ്പിലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. മദ്യനിരോധനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് സംരക്ഷണവും പ്രോൽസാഹനവും നൽകണം. ട്രഷറി നിയന്ത്രണം പിൻവലിച്ചുവെന്ന് പറയുകയും ചെക്കുമായി ചെല്ലുന്നവർക്ക് പണം കിട്ടാതെ മടങ്ങേണ്ട അവസ്ഥയുമാണുള്ളത്. വസ്ത്രം, പാർപ്പിടം, ഭക്ഷണം, കടിവെള്ളം, തൊഴിൽ എന്നീ മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന നയം സ്വീകരിക്കണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഭരണച്ചെലവ് കുറയ്ക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഗവൺമെന്റ് ചെലവ് കുറയ്ക്കാൻ നടപടി സ്വീകരിച്ചില്ലെന്നു മാത്രമല്ല ധൂർത്തും അഴിമതിയും സാർവ്വത്രികമായി വർദ്ധിപ്പിച്ചിരിക്കുന്നു. മദ്യ മുതലാളിമാർക്കും കോഴിക്കച്ചവടക്കാർക്കും നികുതി വെട്ടിപ്പ് നടത്താനുള്ള പഴുതുകൾ ഈ ഗവൺമെന്റ് സൃഷ്ടിച്ചിരിക്കുന്നു. പാട്ടഭൂമിയിൽനിന്ന് ലഭിക്കാനുള്ള റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. കൃഷിക്കാരെ സഹായിക്കാൻ ഒരു പൈസപോലും ഈ ഗവൺമെന്റ് നൽകിയിട്ടില്ല. വൻകിടക്കാർക്ക് നൽകേണ്ട നികുതിക്ക് സ്റ്റേ അനുവദിക്കുന്നത് അവസാനിപ്പിക്കാനും ധനകാര്യ മാനേജ്മെന്റ് സജീവമാക്കാനും നടപടിയെടുക്കണം.

<u>ശ്രീ. സി. ടി. അഹമ്മദ് അലി:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ 5 വർഷത്തെ തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെ ഫലമായിട്ടാണ് കേരളം ഇന്ന് ഏറ്റവും വലിയ കടക്കെണിയിലകപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ പുരോഗതിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരി ക്കുന്നത്. വിൽപ്പന നികുതി വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ചെക്ക് പോസ്റ്റുകളിൽ ആധുനിക രീതിയിലുള്ള വയർലസ് സംവിധാനം ഏർപ്പെടുത്തുകയും

ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും പഴയ വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ നൽകുകയും സ്പെഷ്യൽ അപ്പലേറ്റ് ട്രൈബ്യൂണലുകൾ രൂപീകരിച്ച് കെട്ടിക്കിടക്കുന്ന കേസുകളിന്മേൽ എത്രയുംവേഗം തീർപ്പ് കൽപ്പിക്കുകയും നികുതി വെട്ടിപ്പ് തടയുകയും ചെയ്യണം. കേരളത്തെ ഇന്നത്തെ പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടുത്താൻ ഭരണ പ്രതിപക്ഷ ഭേദമെന്യേ കൂട്ടായ പരിശ്രമം അനിവാര്യമാണ്. അടയ്ക്കാ കൃഷിക്കാർക്ക് സബ്സിഡി ലഭ്യമാക്കണം. എൻഡോസൾഫാൻ നിരോധിച്ച് ജനങ്ങളുടെ ഭീതിയകറ്റണം. ക്ഷേമ പദ്ധതികളുടെയും പെൻഷൻ പദ്ധതികളുടെയും കുടിശ്ശിക നൽകാനും ക്ഷേമനിധി ബോർഡുകളിലേയ്ക്കുള്ള അംശദായത്തിന്റെ കുടിശ്ശിക പിരിച്ചെടുക്കാനും നടപടിയുണ്ടാകണം. കാസർഗോഡ് ജില്ലയോടുള്ള അവഗണന അവസാനിപ്പിച്ച് അതിന്റെ പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങൾക്ക് തുക നീക്കിവയ്ക്കണം. എം. എൽ. എ. ഫണ്ട് 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. പോലീസ് സേന നവീകരിക്കണം. എല്ലാ പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുകയും ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുകയും ചെയ്യണം. പണി പൂർത്തിയാകാതെ കിടക്കുന്ന ജലവൈദ്യുത, ജലസേചന പദ്ധതികളെക്കുറിച്ച് സർവ്വേ നടത്തി സമയബന്ധിതമായി അവയെല്ലാം പൂർത്തിയാക്കാനാവശ്യമായ ഫണ്ട് അനുവദിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ഒരു വർഷം കൊണ്ട് ധനകാര്യ വകുപ്പിനെ പുരോഗതിയിലേയ്ക്ക് നയിക്കാനും വ്യാവസായിക, വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച കുതിച്ചുചാട്ടമുണ്ടാക്കാനും ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷക്കാലം ഇടതുപക്ഷജനാധിപത്യമുന്നണി ഭരണത്തിൻകീഴിൽ താറുമാറായ സാമ്പത്തികരംഗത്തെ ഒരുവർഷക്കാലംകൊണ്ട് ഒരളവുവരെ ഈ ഗവൺമെന്റ് മെച്ചപ്പെടുത്തിയിരിക്കുന്നു. വരുമാനം വർദ്ധിപ്പിച്ചും ചെലവ് ചുരുക്കിയും സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമം ശ്ലാഘനീയമാണ്. കഴിഞ്ഞ ഒരു വർഷംകൊണ്ട് ഈ ഗവൺമെന്റിന്റെ സെയിൽസ് ടാക്സ് പിരിവിൽ 34 ശതമാനം വർദ്ധനവുണ്ടാക്കിയിരിക്കുന്നു. നിയമന നിരോധനവും പിരിച്ചുവിടലും ഇല്ലാതെ ഉന്നത തസ്തികകളിൽ കുറവു വരുത്തിയും റീ ഡിപ്ലോയ്മെന്റ് വഴിയും ചെലവു ചുരുക്കാനുള്ള നീക്കം ലക്ഷ്യബോധത്തോടുകൂടിയുള്ളതാണെന്നതിൽ സംശയമില്ല. പദ്ധതി ചെലവ് കൂട്ടിക്കാണിച്ച് ടി.പി. അക്കൗണ്ടിൽ വലിയ തുക നിക്ഷേപിക്കുന്ന കഴിഞ്ഞകാല ഗവൺമെന്റ് നടപടിയിൽ മാറ്റം വരുത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ചു വർഷക്കാലംകൊണ്ട് റവന്യൂകമ്മി 402 കോടി രൂപയിൽനിന്നും 3147 കോടി രൂപയായി വർദ്ധിപ്പിച്ച സ്ഥാനത്ത് ഈ ഗവൺമെന്റ് ഒരു വർഷംകൊണ്ട് അത് 2228 കോടി രൂപയായി കുറച്ചിരിക്കുന്നു. സംസ്ഥാനത്തെ വികസന പാതയിലേയ്ക്ക് കൊണ്ടുപോകണമെങ്കിൽ സ്വകാര്യ നിക്ഷേപവും വിദേശ സഹായവും ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള ധനസഹായവും ആവശ്യമായിരിക്കെ എ.ഡി.ബി.യിൽനിന്നും സാമ്പത്തിക സഹായം വാങ്ങുന്നതിനെ പ്രതിപക്ഷം എതിർക്കുന്നത് ശരിയല്ല. കഴിഞ്ഞകാലങ്ങളിൽ യുവതലമുറയോട്ചെയ്ത തെറ്റ് തിരുത്തിക്കൊണ്ട് വിദ്യാഭ്യാസ രംഗത്ത് വൻനേട്ടങ്ങളുണ്ടാക്കിയിരിക്കുന്നു. എഞ്ചിനിയറിംഗ് കോളേജുകളിൽ സ്വകാര്യ എയിഡഡ്

മേഖലകളിൽ 4003 ഫ്രീ സീറ്റുകളാണ് നാളിതുവരെ നമുക്ക് ഉണ്ടാക്കാൻ സാധിച്ചത്. സെൽഫ് ഫൈനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനുകൾ പൊതുമേഖലയിലും സ്വകാര്യമേഖലയിലും വരുന്നതോടുകൂടി 11,450 സീറ്റുകളുണ്ടാക്കാനും അതിൽ 5740 സീറ്റുകൾ ഫ്രീ സീറ്റായി നൽകാനും കഴിഞ്ഞിരിക്കുന്നു. മെഡിക്കൽ-പാരാമെഡിക്കൽ കോഴ്സുകൾക്കും സീറ്റ് വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം അനിവാര്യമായതിനാൽ അർഹരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകി മറ്റുള്ളവരിൽനിന്ന് ഫീസ് ഈടാക്കിക്കൊണ്ട് സ്ക്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യമുണ്ടാക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വളർച്ചയ്ക്കുതകുന്ന കുടുംബശ്രീ, കുടുംബ സംഗമം പദ്ധതികൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകണം. സാമ്പത്തിക വളർച്ചയ്ക്ക് മൂലധന നിക്ഷേപം ആവശ്യമായതിനാൽ അതിനുള്ള സാഹചര്യം സൃഷ്ടിക്കണം. ഭരണരംഗത്തായാലും പ്രതിപക്ഷത്തായാലും സംസ്ഥാനത്തിന്റെ വികസന കാര്യത്തിൽ പൊതുവായ കാഴ്ച-പ്പാ-ടു-ണ്ടാ-ക-ണം. പ്രോജ-ക്ടു-കൾക്ക് വളരെ വേഗ-ത്തിൽ ക്ളിയ-റൻസ് കൊടു-ക്കാൻ സാധി-ക്ക-ത്തക്ക വിധ-ത്തിൽ ഇൻവെ-സ്റ്റ-മെന്റ് പ്രൊമോ-ഷൻ ബോർഡ് രൂപീ-ക-രി-ക്കു-കയും പ്രോപ്പർ കോ--ഓർഡി-നേ-ഷൻ ഉണ്ടാ-ക്കു-കയും വേ-ണം. വ്യാജ-രേ-ഖ-കൾ സൃഷ്ടി-ച്ചു-കൊണ്ട് ഗവൺമെന്റിനെ വിമർശി-ക്കുന്ന നിഷേ-ധാ-ത്മ-ക-മായ സമീ-പനം പ്രതി-പക്ഷം ഉപേ-ക്ഷി-ക്ക-ണം. സംസ്ഥാ-ന-ത്തിന്റെ വിക-സ-ന-ത്തി-നായി സാമ്പ-ത്തിക വളർച്ചയ്ക്കും തൊഴി-ലി-ല്ലായ പരി-ഹ-രി-ക്കാനും ദാരിദ്ര്യ നിർമ്മാർജ-ന-ത്തിനും സ്ക്കൂൾ വിദ്യാർത്ഥി-കൾക്ക് കമ്പ്യൂ-ട്ടർ വിദ്യാ-ഭ്യാസം നൽകാ-നു-മുള്ള ഗവൺമെന്റിന്റെ പ്രവർത്ത-ന-ങ്ങ-ളിൽ പ്രതി-പക്ഷം സഹ-ക-രി-ക്ക-ണം.

<u>പ്രതി-പ-ക്ഷ-നേ-താവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കോൺഗ്രസ് (ഐ) എം.എൽ.എ. മാരെ ഉദ്ദേശിച്ചാണോ പൊളിറ്റിക്കൽ ഇൻസ്റ്റെബിലിറ്റിയെപ്പറ്റി ശ്രീ. ഉമ്മൻചാണ്ടി പ്രസംഗിച്ചതെന്നറിയില്ല. എന്തായാലും ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരുകൊല്ലമായപ്പോൾത്തന്നെ മുഖ്യമന്ത്രി ആഭ്യന്തരവകുപ്പ് ഒഴിയണമെന്ന ആവശ്യം ഭരണകക്ഷി യിൽനിന്ന് ഉയർന്നിരിക്കുന്നു. പ്രതിപക്ഷത്തെ ഉപദേശിക്കുന്നത് മതിയാക്കി തെരഞ്ഞെടുപ്പു കാലത്ത് ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റി സംസ്ഥാനത്ത് നല്ല ഭരണം കാഴ്ച വയ്ക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കേണ്ടത്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞത് വസ്തുതകൾക്ക് വിപരീതമാണ്. വിഭവസമാഹരണത്തിന്റെ കാര്യത്തിലും പദ്ധതി ചെലവിന്റെ കാര

നിയമസഭാ നടപടികൾ

സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 18, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമ
ക.ഇ.ബി.തകകേരള നിയമസഭ/കഢ23

പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നിയമസഭാ നടപടികൾ

സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 18, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

ശ്രദ്ധക്ഷണിക്കൽ

(1) കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകളും കൈത്തറി വ്യവസായവും നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. പി. രാജേന്ദ്രൻ: പതിനായിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന സംസ്ഥാനത്തെ ടെക്സ്റ്റൈൽ വ്യവസായവും കൈത്തറിമേഖലയും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഗവൺമെന്റിന് പ്രാമുഖ്യമുള്ള പത്ത് മില്ലുകൾ കേരളത്തിലുണ്ട്. ഈ മേഖലയെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നവീകരണ–പുനരുദ്ധാരണ നടപടികൾ പ്രശ്നത്തെ കൂടുതൽ ഗുരുതരമാക്കിയിരിക്കുകയാണ്. ശ്രീ. ആർ. സി. ചൗധരി അദ്ധ്യക്ഷനായുള്ള എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുകയാണെങ്കിൽ ടെക്സ്റ്റൈൽ വ്യവസായം തന്നെ കേരളത്തിൽനിന്ന് തുടച്ചുനീക്കപ്പെടും. മില്ലുകളുടെ സ്ഥലവും യന്ത്ര സാമഗ്രികളും കെട്ടിടങ്ങളും വിൽക്കുന്നതിനുള്ള ശുപാർശയാണ് കമ്മിറ്റി വച്ചിരിക്കുന്നത്. പ്രവർത്തനമൂലധനമില്ലാത്തതുകൊണ്ട് മില്ലുകൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥ യാണുള്ളത്. എല്ലാ ട്രേഡ്യൂണിയനുകളും ചേർന്ന് ഗവൺമെന്റിന് സമർപ്പിച്ച നവീക്ക് വിധേയമായി വൃക്ക വിൽപ്പന നടത്തിയ ആദിവാസികളുൾപ്പെടെയുള്ള ചില ആളുകൾ ഉദ്ദേശിച്ച പണം ലഭിക്കാതെ ചതിക്കപ്പെട്ടുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ആ വാർത്ത ശരിയാണെന്നു ബോദ്ധ്യപ്പെടുകയും അതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തു. വൃക്ക വാങ്ങുന്നതും വിൽക്കുന്നതും നിയമവിരുദ്ധമാണെന്നിരിക്കെ, അതിനെ ന്യായീകരിക്കുന്നവിധത്തിലുള്ള പ്രസ്താവനയാണ് ബന്ധപ്പെട്ട മന്ത്രി നടത്തിയത്. ഒരു മന്ത്രിക്ക് യോജിക്കുന്ന പ്രവർത്തിയല്ല. റബ്കോ ആഗോള ടെന്റർ വിളിച്ച് നല്ല വിലയ്ക്ക് റബ്ബർ കയറ്റി അയച്ചപ്പോൾ മാർക്കറ്റിംഗ് ഫെഡറേഷൻ ആഗോള ടെന്റർ വിളിക്കാതെ കുറഞ്ഞ വിലയ്ക്ക് സിംഗപ്പൂരിലേയ്ക്ക് റബ്ബർ കയറ്റി അയച്ചത് സംബന്ധിച്ച് ഈ ഗവൺമെന്റ് നടപടിയെടുക്കാത്തതെന്താണെന്ന് വ്യക്തമാക്കണം. ആദിവാസികളുടെ വികസനത്തിനായി

പഞ്ചായത്തുകൾ വഴി ചെലവു ചെയ്യേണ്ട 40 കോടി രൂപയിൽ 18 കോടി യോളം രൂപ ചെലവു ചെയ്യാതെ ഉദ്യോഗസ്ഥൻമാരുടെ കൈയിൽ വയ്ക്കാൻ ആരാണ് നിർദ്ദേശം നൽകിയതെന്ന് വ്യക്തമാക്കണം. വിവിധ ക്ഷേമപദ്ധതികളിലായി പെൻഷൻ ഇനത്തിൽ കുടിശ്ശിക യായിട്ടുള്ള 220 കോടിയോളം രൂപയുടെ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഈ ഗവൺമെന്റിന്റെ 14 മാസക്കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് നടന്ന ചർച്ചയിൽ ഇരുഭാഗത്തുമുള്ള അംഗങ്ങളിൽനിന്ന് സാധാരണയുണ്ടാകാറുള്ള വിമർശനങ്ങളൊന്നും ഉണ്ടായില്ലെന്നുള്ളതിൽ ചാരിതാർത്ഥ്യമുണ്ട്. ഗവൺമെന്റിന്റെ എഫക്ടീവായ ധനകാര്യ മാനേജുമെന്റുകൊണ്ട് സാമ്പത്തിക രംഗത്ത് വളരെയധികം മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ തുറന്ന മനസ്സോടുകൂടിയുള്ള സമീപനമാണ് ഉള്ളത്. പദ്ധതികളാവിഷ്ക്കരിക്കുന്നതിൽ പ്രയോറിറ്റി നിശ്ചയിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുംപോൾ 24,000 കോടിയോളം രൂപയുടെ പൊതുകടവും 3500 കോടി രൂപയുടെ കുടിശ്ശികയുമുണ്ടായിരുന്നു. അന്ന് ക്ളോസിംഗ് ക്യാഷ് ബാലൻസ് 387.4 കോടി രൂപയും (17.5.2001-ന്) വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് 226.9+ഒ.ഡി.160.35 കോടി രൂപയുമുണ്ടായിരുന്നതിനു പുറമേ സർക്കാർ ജീവനക്കാർക്ക് നാല് ഗഡു ക്ഷാമബത്തയും കൊടുക്കാനുണ്ടായിരുന്നു. ഇൻഫ്രാസ്ട്രക്ച്ചർ ഇനത്തിൽ കടം വാങ്ങിയിരുന്ന 507 കോടി രൂപയുടെ പലിശയിനത്തിൽ 175 കോടി രൂപ കൊടുത്തുകഴിഞ്ഞു. കരാറുകാർക്ക് 879 കോടി രൂപയും മരുന്ന് വാങ്ങിയ ഇനത്തിൽ 30 കോടി രൂപയും കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നു. ഈ ഗവൺമെന്റ് സമസ്ത മേഖലയിലെ ജനങ്ങളേയും വിശ്വാസത്തിലെടുത്തുകൊണ്ടാണ് മുന്നോട്ടുപോയത്. സാമ്പത്തിക അച്ചടക്കത്തിലധിഷ്ഠിതമായ ധനകാര്യ മാനേജുമെന്റ് എന്ന നയം അനുവർത്തിച്ചു. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടിയെടുത്തു. ഈ ഗവൺമെന്റ് റവന്യൂ റിക്കവറിക്ക് സ്റ്റേ കൊടുത്തിട്ടില്ല, മറിച്ച് അൻപത് ശതമാനം അടയ്ക്കുന്നവർക്ക് ബാക്കി ഇൻസ്റ്റാൾമെന്റായി അടയ്ക്കാൻ അവസരം നൽകുകയാണ് ചെയ്തത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ പ്രാഗ്മാറ്റിക് അപ്രോച്ചാണ് സ്വീകരിച്ചത്. നഷ്ടത്തിൽ പോകുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതു രീതിയിൽ ലാഭത്തിലാക്കാൻ കഴിയുമെന്നത് സംബന്ധിച്ച് റീസ്ട്രക്ച്ചറിംഗ് നടത്തി മുന്നോട്ടു പോകണമെന്നാണ് ആഗ്രഹിക്കുന്നത്. ടൈറ്റാനിയത്തിന്റ കാര്യത്തിൽ പോസിറ്റീവ് അപ്രോച്ച് എടുക്കുന്നതാണ്. ആ സ്ഥാപനം പൂട്ടാൻ അനുവദിക്കുകയില്ല. ടാക്സ് കുറച്ച് കെട്ടിക്കിടക്കുന്നത് വിൽക്കാൻ സാധിക്കുമോയെന്ന് നോക്കുകയാണ്.. ഒരാഴ്ച്ചയ്ക്കുള്ളിൽ ആ കാര്യത്തിൽ തീരുമാനമെടുക്കും. സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ വരണമെങ്കിൽ ഇൻവെസ്റ്റുമെന്റിനുള്ള പൊളിറ്റിക്കൽ ക്ളൈമറ്റുണ്ടാകണം. മറ്റു സംസ്ഥാനങ്ങളിൽ ഇൻവെസ്റ്റുമെന്റും വ്യവസായവും വരുമ്പോൾ നമ്മുടെ സംസ്ഥാനത്തും അതുണ്ടാവണം. വെസ്റ്റ് ബംഗാൾ 3,774 കോടി രൂപ കടം വാങ്ങിയപ്പോൾ കേരളം 141 കോടി രൂപയാണ് കടം വാങ്ങിയത്. വികസന കാര്യങ്ങളിൽ ഭരണ-പ്രതിപക്ഷങ്ങൾ തമ്മിൽ സഹകരണമാവശ്യമാണ്. റവന്യൂ റിക്കവറിയിലൂടെ 1230 കോടി രൂപയും മറ്റു നടപടികളിലൂടെ 186 കോടി രൂപയും കോടതി മുഖാന്തിരം 16.3 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. ടാക്സ് പിരിവിന്റെ കാര്യത്തിൽ കുറവു വരുത്തിയിട്ടില്ല. എപ്രിൽ-മേയ്-ജൂൺ

മാസങ്ങളിൽ 33.72 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് മുൻസർക്കാർ കൊടുക്കാനുണ്ടായിരുന്ന 500 കോടിയിൽപ്പരം രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുത്തുതീർത്തു. 600 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റും ഇഷ്യൂ ചെയ്തു. എം.പി–എം.എൽ.എ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതി, വിദേശ സഹായ പദ്ധതി എന്നിവ സംബന്ധിച്ച ചെലവുകൾ ട്രഷറി നിയന്ത്രണത്തിൽ നിന്നൊഴിവാക്കി. 30–4–02 വരെ ഭൂമി പൊന്നിൻ വിലയ്ക്കെടുത്ത വകയിലുള്ള എല്ലാ ഡി–ഫാം ചെക്കുകളും കൊടുത്തുതീർത്തു. ദുരിതാശ്വാസ പ്രവർത്തനഫണ്ടും എക്സ്–എം.എൽ.എ.മാരുടെ ചികിൽസാ വായ്പയും ട്രഷറി നിയന്ത്രണത്തിൽ നിന്നൊഴിവാക്കി. സാമൂഹ്യ പെൻഷനുകളുടെ ഒരു ഗഡു നൽകി. ജീവനക്കാരുടെ പി.എഫ്. വായ്പയ്ക്ക് ട്രഷറി നിയന്ത്രണങ്ങളിൽ അയവു വരുത്തി. എം.എൽ.എ. മാരുടേയും ജീവനക്കാരുടേയും യാത്രാബത്ത കറന്റാക്കി. പദ്ധതിച്ചെലവ് 103.72 ശതമാനമായും ടി.പി. അക്കൗണ്ട് ബാലൻസ് 52 ശതമാനമായും കുറച്ചുകൊണ്ടുവരാൻ സാധിച്ചു. എസ്.സ്./എസ്.ടി. ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ചിട്ടില്ലെങ്കിൽ 48 മണിക്കൂറിനകം അത് ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈവിധത്തിലുള്ള കാര്യങ്ങൾ സംഭവിക്കുന്നത് ശരിയാണെന്ന അഭിപ്രായമില്ല. അതിനെക്കുറിച്ച് ഗൗരവത്തോടുകൂടി അന്വേഷിക്കുന്നതാണ്. ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2002–ലെ കേരള ധനവിനിയോഗ (2–ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2–ഉം 3–ഉം വകുപ്പുകൾ

2–ഉം 3–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

2–ഉം 3–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1–ാം വകുപ്പും പീഠികയും പേരും

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 2002-ലെ കേരള ധനവിനിയോഗ 2-ാം നമ്പർ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(എസ്.സി./എസ്.ടി. വികസന പദ്ധതിക്കുവേണ്ടി നീക്കിവച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് ഉന്നയിച്ച ആരോപണത്തിന് മന്ത്രി നൽകിയ വിശദീകരണം തൃപ്തികരമല്ലെന്ന് ആരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്ക്കരിച്ചു.)

2002-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.